# Loyola Knowledge Resource Centre

(LIBRARY)

## "MEDIA SPEAKS ON LOYOLA"

PRESS CLIPPINGS SERVICE




2021

VOLUME 10

**Dr. SUNIL KUMAR P. (LIBRARIAN)**

Mr. GEORGE MATHEW

ASHWIN.A

JOEMARTIN.M.F

SANJU.U.S

NANNA SAJJOR.S

LOYOLA COLLEGE OF SOCIAL SCIENCES

SREEKARIYAM, TRIVANDRUM KERALA-695017

# TABLE OF CONTENTS


1. ACHIEVEMENTS : 1,22,23
2. ALUMNI : 5,7,8,10,11,18
3. CAMPAIGNS :14,19,21
4. CELEBRATIONS :15
5. COLLEGE :2,3,4,20
6. COURSES :9
7. STUDENTS :6,12,13,16,17

1

മലയാള മനോരമ 2020 ഫെബ്രുവരി 26 ബുധൻ

■ നേട്ടം



പിജി ഡിപ്ലോമ ഇൻ കൗൺസലിങ് സൈക്കോളജിയിൽ (കേരള) ഒന്നാം റാങ്ക് നേടിയ ശ്രുതി എസ്.പിള്ള. കെഎസ്ഇബി സബ് എൻജിനീയർ കെ.എം. അരുണിന്റെ ഭാര്യയും നന്ദിയോട് ശ്രുതി വിഹാറിൽ സുരേന്ദ്രൻ പിള്ള, ശ്രീലേഖ ദമ്പതികളുടെ മകളുമാണ്.

2

2020 സെപ്റ്റംബർ 28 തിങ്കൾ മലയാള മനോരമ



ശ്രീകാര്യം ലയോള കോളജിൽ പുതുതായി നിർമിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിക്കുന്നു

50.20%

# കോളജ് മന്ദിരത്തിന് ശിലാസ്ഥാപനം

തിരുവനന്തപുരം● ശ്രീകാര്യം ലയോള കോളജിൽ പുതുതായി നിർമിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിച്ചു. ശശി തരൂർ എം.പി ഓൺലൈനായി പങ്കെടുത്തു. മാനേജർ റവ.ഫാ. എസ്.ജെ.സണ്ണി കുന്നപ്പള്ളിൽ, കേരള സർവകലാശാല വൈസ് ചാൻസലർ ഡോ.വി.പി.മഹാദേവ പിള്ള, കോളജ് പ്രിൻസിപ്പൽ ഡോ.സജി.പി.ജേക്കബ്, കൗൺസിലർ അലത്തറ അനിൽ എന്നിവർ പ്രസംഗിച്ചു.

3

2020 സെപ്റ്റംബർ 29 • ചൊവ്വാഴ്ച മാതൃഭൂമി

# ലൊയോളയിൽ പുതിയ ബ്ലോക്കിന് ശിലയിട്ടു


**തിരുവനന്തപുരം** ▸ ശ്രീകാര്യം ലൊയോള കോളേജിൽ പുതുതായി നിർമിക്കുന്ന ബ്ലോക്കിൻെറ ശിലാസ്ഥാപനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിച്ചു. ശശി തരൂർ എം.പി., ലൊയോള സ്ഥാപനങ്ങളുടെ റെക്ടറും മാനേജരുമായ റവ. ഫാ .സണ്ണി കുന്നപ്പള്ളിൽ എസ്.ജെ., കേരള സർവകലാശാല വൈസ് ചാൻസലർ ഡോ. വി.പി.മഹാദേവൻപിള്ള, കൗൺസിലർ അലത്തറ അനിൽകുമാർ, കോളേജ് പ്രിൻസിപ്പൽ ഡോ. സജി പി.ജേക്കബ് എന്നിവർ പങ്കെടുത്തു.

29-09-2020



# കെട്ടിട ശിലാസ്ഥാപനം

തിരുവനന്തപുരം: ലയോള കോളേജിൽ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിച്ചു. ചടങ്ങിൽ ശശി തരൂർ എം.പി ഓൺലൈനായി പങ്കെടുത്തു. ലയോള സ്ഥാപനങ്ങളുടെ റെക്ടറും മാനേജരുമായ ഫാ. സണ്ണി കുന്നപ്പള്ളിൽ എസ്.ജെ, കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.വി.പി. മഹാദേവൻപിള്ള, വാർഡ് കൗൺസിലർ അലത്തറ അനിൽകുമാർ, ലയോള കോളേജ് പ്രിൻസിപ്പൽ ഡോ. സജി പി. ജേക്കബ് എന്നിവർ പങ്കെടുത്തു.



ലയോള കോളേജിൽ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിക്കുന്നു

5

04 നവംബർ 2020 ബുധനാഴ്ച 1196 തുലാം 19

mathrubhumi.com
/mathrubhumidotcom
/mathrubhumi

# ഡോ. ജി.സി. ഗോപാലപിള്ള കോട്ടയ്ക്കൽ ആര്യവൈദ്യശാലാ സി.ഇ.ഒ.



▶ ഡോ. ജി.സി. ഗോപാലപിള്ള

**കോട്ടയ്ക്കൽ** ▸ കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഡോ. ജി.സി. ഗോപാലപിള്ള ചുമതലയേറ്റു.

ഫാക്ട്, കിൻഫ്ര, ഇൻകെൽ എന്നീ സ്ഥാപനങ്ങളുടെ മാനേജിങ് ഡയറക്ടർ പദവി വഹിച്ചിട്ടുണ്ട്. കെൽട്രോൺ എക്സിക്യൂട്ടീവ് ചെയർമാൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേഴ്സണൽ മാനേജ്മെൻറ് ചെയർമാൻ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം തുടങ്ങിയ ചുമതലകളും കഴിഞ്ഞ 45 വർഷത്തിനിടയിൽ വഹിച്ചിട്ടുണ്ട്. അറിയപ്പെടുന്ന മാനേജ്മെൻറ് വിദഗ്ധനുമാണ് ഡോ. ജി.സി. ഗോപാലപിള്ള. തിരുവനന്തപുരം സ്വദേശിയാണ്. ഭാര്യ ഡോ. എസ്. ലത തിരുവനന്തപുരത്ത് പീഡിയാട്രീഷ്യനാണ്. മക്കൾ: ജി. ശബരീഷ് (ഐ.ആർ.എസ്.), ജി. ഗണേഷ് (ന്യൂഡൽഹി).

6





സോഷ്യോളജി
യിൽ (കേരള)
പിഎച്ച്ഡി
നേടിയ
ആർ.പ്രസാദ്.
മലയിൻകീഴ്
കുരുവിൻമുകൾ
ആർആർ
സദനത്തിൽ
രവികുമാറിന്റെ
യും രമയുടെയും
മകനാണ്.

## കാഞ്ഞിരംകുളത്ത്

7

# മൂന്നു മുന്നണികളിലും കന്നിയങ്കക്കാർ



വത്സലകുമാർ
(യു.ഡി.എഫ്.)



വി.ബി. രാജൻ
(എൽ.ഡി.എഫ്.)



അരുൺപ്രകാശ്
(എൻ.ഡി.എ.)

**കാഞ്ഞിരംകുളം ▸** തീരദേശ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ജില്ലാപ്പഞ്ചായത്ത് കാഞ്ഞിരംകുളം ഡിവിഷനിൽ ഇക്കുറി ത്രികോണമത്സരം. ജനവിധി തേടുന്ന പ്രധാന മുന്നണി സ്ഥാനാർത്ഥികളെല്ലാം കന്നിയങ്കക്കാർ എന്ന പ്രത്യേകതയുമുണ്ട്. ഡിവിഷൻ നിലനിർത്താൻ യു.ഡി.എഫും തിരിച്ചുപിടിക്കാൻ എൽ.ഡി.എഫിൽനിന്ന് ജനതാദളും (എസ്) ശക്തിതെളിയിക്കാൻ എൻ.ഡി.എ.യിലെ കാമരാജ് കോൺഗ്രസുമാണ് രംഗത്ത്. കഴിഞ്ഞ രണ്ടു തവണ ഇവിടെ വിജയിച്ചത് കോൺഗ്രസായിരുന്നു.

യുവജനപ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിൽ പ്രവേശിച്ച് കെ.പി.സി.സി. ജനറൽ സെക്രട്ടറിയായ സി.കെ.വത്സലകുമാറി(57)നെയാണ് യു.ഡി.എഫ്. കളത്തിലിറക്കിയിരിക്കുന്നത്. രാഷ്ട്രീയത്തോടൊപ്പം ഗ്രന്ഥശാലാസംഘം നെയ്യാറ്റിൻകര താലൂക്ക് അംഗവും വെണ്ണിയൂർ സെൻറ് ജോസഫ് സ്മാരക ഗ്രന്ഥശാലയുടെയും നെല്ലിവിള മിൽക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡൻറുമായിരുന്നു വത്സലകുമാർ. ലയോള കോളേജിൽ എം.എ. സോഷ്യോളജി വിദ്യാർഥിയായിരിക്കേ യൂണിയൻ കൗൺസിലറായി. നിയമബിരുദം നേടിയിട്ടുണ്ട്. യൂത്ത് കോൺഗ്രസ് സംസ്ഥാന നിർവാഹകസമിതി അംഗം, ജില്ലാ ജനറൽ സെക്രട്ടറി എന്നീ പദവികളും വഹിച്ചു.

എൽ.ഡി.എഫിൽനിന്ന് ജനതാദൾ(എസ്) ആണ് കാഞ്ഞിരംകുളം ഡിവിഷനിൽ മത്സരിക്കുന്നത്. ജനതാദൾ കാഞ്ഞിരംകുളം പഞ്ചായത്ത് കമ്മിറ്റി പ്രസിഡൻറ്, ജില്ലാ കമ്മിറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ച വി.ബി.രാജനെ(57)യാണ് അങ്കത്തിനിറക്കിയിട്ടുള്ളത്. ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് പാർട്ടിയുടെ വിദ്യാർഥിവിഭാഗമായ സ്റ്റുഡൻറ്സ് ഫോർ ഡെമോക്രസിയുടെ കാട്ടാക്കട ക്രിസ്ത്യൻ കോളേജിലെ ഭാരവാഹിയായിരുന്നു. തുടർന്ന് ജനതാദൾ(എസ്) സഹയാത്രികനായി. കാഞ്ഞിരംകുളം ജെ.അരുമനായകം മെമ്മോറിയൽ ഗ്രാമസേവിനി ഗ്രന്ഥശാലയുടെ ഭാരവാഹിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കർഷക കുടുംബത്തിൽ ജനിച്ചുവളർന്ന രാജൻ കാർഷിക, ക്ഷീരോദ്പാദന മേഖലയിൽ പ്രവർത്തിക്കുന്നു.

എൻ.ഡി.എ.ക്കുവേണ്ടി വേണ്ടി കാമരാജ് കോൺഗ്രസിലെ അരുൺ പ്രകാശ്(35) ആണ് മത്സരത്തിനിറങ്ങിയത്. വി.എസ്.ഡി.പി. സംഘടനാ പ്രവർത്തനത്തിലൂടെ രാഷ്ട്രീയത്തിലെത്തി. വി.എസ്.ഡി.പി. ജില്ലാ സെക്രട്ടറിയായിരുന്നു. പിന്നീട് കാമരാജ് കോൺഗ്രസ് ജില്ലാ ജനറൽ സെക്രട്ടറിയായി. സ്ഥിരം മുഖങ്ങളെ മാറ്റി വോട്ടർമാർതന്നെ സഹായിക്കുമെന്ന ശുഭാപ്തിവിശ്വാസവുമായാണ് അരുൺ പ്രകാശും മത്സരത്തിനിറങ്ങുന്നത്. തുടർച്ചയായി രണ്ടു തവണ കോൺഗ്രസാണ് വിജയിച്ചത്. അതിനു മുൻപ് ജനതാദളും ഈ ഡിവിഷനിൽ വിജയിച്ചിട്ടുണ്ട്. കാഞ്ഞിരംകുളം പഞ്ചായത്തിലെ 14 വാർഡുകളും കരുംകുളം പഞ്ചായത്തിലെ 18 വാർഡുകളും പൂവാർ പഞ്ചായത്തിലെ 8 വാർഡുകളും തിരുപുറം പഞ്ചായ

മാതൃഭൂമി 2020 / നവംബർ 24 / ചൊവ്വാഴ്ച

ജില്ലാപ്പഞ്ചായത്ത കാഞ്ഞിരംകുളം ഡിവിഷൻ.




### 2015-ലെ ഫലം

| | |
|---|---|
| അകെ വോട്ട് | 5872 |
| | 4527 |
| ) | 23117 |
| | 21767 |
| ഭൂരിപക്ഷം | 1350 |

# ഫാ.റോണി മാളിയേക്കലിന് യാത്രയയപ്പ്

**ലൂർദ്, പോങ്ങുമ്മൂട് സെന്റ് അൽഫോൻസ, കണ്ണമ്മൂല സെന്റ് മദർ [illegible], പേരൂർക്കട ലൂർദ്ഹിൽ, കേശവദാസപുരം മാർ ഗീവർഗീസ് സഹദാ പള്ളികളിലും [illegible]നുഷ്ഠിച്ചു**



ഇന്നലെ സ്ഥാനമൊഴിഞ്ഞ ലൂർദ് മാതാ കെയർ ഡയറക്ടർ ഫാ.റോണി മാളിയേക്കലിനു ചങ്ങനാശേരി അതിരൂപത ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം മെമന്റോ നൽകുന്നു. ഫാ. മോർളി കൈതപ്പറമ്പിൽ സമീപം

[illegible]പുരം● ലൂർദ് മാതാ [illegible] യറക്ടർ എന്ന [illegible] തലസ്ഥാന നഗരിയിൽ [illegible]ത്തിന്റെ ചൈതന്യം [illegible] ഫാ.റോണി മാളിയേക്കൽ സ്ഥാനമൊഴിഞ്ഞു. ഉപരി പഠനത്തിനായി ഇംഗ്ലണ്ടിലേക്കു പോകുന്ന അദ്ദേഹത്തിന് ലൂർദ് മാതാ കെയർ ഹോമിൽ യാത്രയയപ്പ് നൽകി.

[illegible]ശകമായ നേതൃശൈലി [illegible] ചാരുതാർഥ്യവും കൈമുതലായ വ്യക്തിയാണ് ഫാ.റോണി എന്ന് യാത്രയയപ്പ് ചടങ്ങ് [illegible] ചെയ്ത് ചങ്ങനാശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം പറഞ്ഞു. ലൂർദ് മാതാ കെയർ ചെയർമാനും ലൂർദ് ഫൊറോന വികാരിയുമായ ഫാ.മോർളി കൈതപ്പറമ്പിൽ അധ്യക്ഷനായിരുന്നു. ലൂർദ് മാതാ കെയറിന്റെ പുതിയ ഡയറക്ടർ ഫാ.മോബൻ ചൂരവടി, മീഡിയ അക്കാദമി ചെയർമാൻ ആർ.എസ്. ബാബു, ടി.ദേവപ്രസാദ്, സിസ്റ്റർ ടെസില്ല തുടങ്ങിയവർ പ്രസംഗിച്ചു.

ചങ്ങനാശേരി അതിരൂപതയുടെ സ്നേഹ ശുശ്രൂഷയായ ലൂർദ് മാതാ കെയറിന്റെ സ്ഥാപക സാരഥികളായിരുന്ന റവ.ഡോ. ജോൺ വി.തടത്തിൽ, റവ.ഡോ. സോണി മുണ്ടുനടയ്ക്കൽ എന്നിവർക്കു പിന്നാലെയാണ് നാലു വർഷം അതിന്റെ അസിസ്റ്റന്റ് ഡയറക്ടറായും 2014 മുതൽ ഡയറക്ടറായും ഫാ.റോണി മാളിയേക്കൽ സേവനം നടത്തിയത്. ഇതിനിടെ ലൂർദ്, പോങ്ങുമ്മൂട് സെന്റ് അൽഫോൻസ, കണ്ണമ്മൂല സെന്റ് മദർ തെരേസ, പേരൂർക്കട ലൂർദ്ഹിൽ, കേശവദാസപുരം മാർ ഗീവർഗീസ് സഹദാ പള്ളികളിലും സേവനമനുഷ്ഠിച്ചു.

9

2020 December 9 Wednesday

MALAYALA MANORAMA

# ലയോളയിൽ ഡിസാസ്റ്റർ മാനേജ്മെന്റ്' പ്രവേശനം

തിരുവനന്തപുരം ● ശ്രീകാര്യം ലയോളകോളജ്ഓഫ്സോഷ്യൽ സയൻസിൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി നാളെ(10). വിവരങ്ങൾക്ക് : www.loyolacollegekerala.edu.in

10

ജില്ലാ പഞ്ചായത്ത്

15 കാഞ്ഞിരംകുളം



**സി.കെ. വൽസലകുമാർ**
**(കോൺഗ്രസ്)**

ഭൂരിപക്ഷം .......................2923

സി.കെ.വൽസലകുമാർ
(കോൺഗ്രസ്).............23362
വി.ബി.രാജൻ
(ജനതാദൾ-എസ്) ....20439
കഞ്ചാംപഴിഞ്ഞി
ശശികുമാർ.......................1039
അരുൺപ്രകാശ് എസ്.ആർ..3442

മാതൃഭൂമി
2020
ഡിസംബർ 17
വ്യാഴാഴ്ച
12
T TVM

11

കോർപ്പറേഷനിൽ

ഞാണ്ടൂർക്കോണം



**ആശാബാബു**
**(സി.പി.ഐ.)**

ഭൂരിപക്ഷം .......................29

ആശാബാബു
(സി.പി.ഐ.)...............2396
ആശാറാണി ...................35
മഹിത മധു ജെ.എം.
(ബി.ജെ.പി.)................2367
സിന്ധു (കോൺ.).......998

മാതൃഭൂമി
2020
ഡിസംബർ 17
വ്യാഴാഴ്ച
14
TY TVM

12

മാതൃഭൂമി 2020 ഡിസംബർ 29 • ചൊവ്വാഴ്ച



കേരള സർവകലാശാലയിൽനിന്ന് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റിൽ (ബിരുദാനന്തര ബിരുദം) ഒന്നാം റാങ്ക് നേടിയ രാഹുൽ എ. തിരുവനന്തപുരം ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസിലെ വിദ്യാർഥിയും പേട്ട പുള്ളി ലെയ്നിൽ മാതൃഭൂമി ഏജന്റ് എം.അയ്യപ്പൻ പിള്ളയുടെയും അധ്യാപികയായ രമാദേവിയുടെയും മകനുമാണ്



ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് ബിരുദാനന്തര ബിരുദം ( കേരള) രണ്ടാം റാങ്ക് നേടിയ നീനു സൂസൻ ജോർജ് ( ലയോള കോളജ് ഓഫ് സോഷ്യൽ സയൻസ്, തിരുവനന്തപുരം ) [illegible]മ്പൂർ പാലിയേക്കര വീട്ടിൽ [illegible]ജ് മാത്യുവിന്റെയും രാജി [illegible]ജാർജിന്റെയും മകളാണ്.

മലയാള മനോരമ 2021 ജനുവരി 1 വെള്ളി

14

# നാം കൈകോർത്തു

# നന്മകൾക്കായ്...



ക്ലബ്ബ് എഫ്.എം. ടീം

ടൺ കണക്കിന് ഫൺ മാത്രമല്ല, ടൺ കണക്കിനു സഹായത്തിനും ക്ലബ്ബ് എഫ്.എം. വഴിയൊരുക്കിക്കൊണ്ടേയിരിക്കുന്നു. നന്മചെയ്യാൻ മനസ്സുള്ളവരെ ഒരുമിപ്പിച്ച് അവരോടൊപ്പം സഹായസന്നദ്ധപ്രവർത്തനങ്ങളും. കേരളത്തിലെ നമ്പർ വൺ എഫ്.എം. സ്റ്റേഷനായി മുന്നേറാൻ ഈ നന്മകളും സഹായകമായി.

2018-ൽ ആദ്യ പ്രളയസമയത്ത് ക്ലബ്ബ് എഫ്.എം. റേഡിയോ ജോക്കികൾ പ്രോഗ്രാമിനൊപ്പം ജീവകാരുണ്യപ്രവർത്തനങ്ങളിൽ മുഴുകി. അടിയന്തരമായി മരുന്നുകളും അവശ്യവസ്തുക്കളും എത്തിക്കുന്നതിന് അവർ കൈകോർത്തു. കേരളം കണ്ട ഏറ്റവും വലിയ രക്ഷാപ്രവർത്തനത്തിനും ക്ലബ്ബ് എഫ്.എം. മുന്നിൽനിന്നു. ഓൺ എയറിൽ വരുന്ന സഹായഅഭ്യർഥനകൾ രക്ഷാപ്രവർത്തകരുടെ മുന്നിലെത്തിച്ചും നാടിനെ കൈപിടിച്ചുയർത്തി. അങ്ങനെയങ്ങനെ എത്രയോ സഹായപ്രവർത്തനങ്ങൾ...

### പാഠം ഒന്ന് ഒരു കൈ സഹായം...

പുതിയ പുസ്തകങ്ങളും ബുക്കുകളും വാങ്ങാൻ കഴിയാത്ത കുട്ടികൾക്കായി ബുക്കുകൾ വാങ്ങി നൽകാനായിരുന്നു 'പാഠം ഒന്ന് ഒരു കൈ സഹായം'. സ്വന്തം കുഞ്ഞുങ്ങൾക്ക് പഠനോപകരണങ്ങൾ വാങ്ങുമ്പോൾ പാവപ്പെട്ട മറ്റൊരു കുട്ടിക്കുംകൂടി ഇവ വാങ്ങാൻ സാധിക്കുന്നവരെ ചേർത്തുനിർത്തിയായിരുന്നു പദ്ധതി മുന്നേറിയത്. ബുക്കുകൾ വാങ്ങി നൽകിയവരിൽനിന്നും അവ ശേഖരിച്ച് സ്കൂളുകളിൽ എത്തിക്കും. അധ്യാപകർ അവ അർഹതയുള്ള കുട്ടികൾക്ക് കൈമാറും. കേരളത്തിലങ്ങളോളമിങ്ങോളമുള്ള സ്കൂളുകളിൽ പദ്ധതി നടപ്പാക്കുന്നു. തുടർച്ചയായി 11-ാം വർഷവും 'പാഠം ഒന്ന് ഒരു കൈ സഹായം പദ്ധതി' മുന്നേറുന്നു.

### ടോയ് ടു ദി വേൾഡ്...

സ്വന്തം മോനൊരു കളിപ്പാട്ടമെങ്കിലും വാങ്ങി നൽകാൻ സാധിക്കാതെ വിഷമിച്ചിരിക്കുന്ന മാതാപിതാക്കൾക്കൊരാശ്രയമായിരുന്നു 'ടോയ് ടു ദി വേൾഡ്'. കേടാകാതെയുള്ള കളിപ്പാട്ടങ്ങൾ വീട്ടിൽ ഇരിപ്പുണ്ടെങ്കിൽ അവ ശേഖരിച്ച് പാവപ്പെട്ട കുട്ടികൾക്ക് കൈമാറുക. അവരുടെ സന്തോഷത്തിൽ പങ്കുചേരുക.

**നന്മചെയ്യാൻ മനസ്സുള്ളവരെ ഒരുമിപ്പിച്ച് അവരോടൊപ്പം നടത്തിയ സഹായസന്നദ്ധ പ്രവർത്തനങ്ങളും കേരളത്തിലെ നമ്പർ വൺ എഫ്.എം. സ്റ്റേഷനായി മുന്നേറാൻ സഹായകമായി**

### ഹാപ്പിനെസ് ബോക്സ്...

പ്രളയം തകർത്തെറിഞ്ഞത് ഒരുപാടുപേരുടെ സ്വപ്നങ്ങളായിരുന്നു. പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്കായായിരുന്നു ഹാപ്പിനെസ് ബോക്സ്. വിദ്യാർഥികൾക്കായി പുസ്തകങ്ങളും ബുക്കുകളും ശേഖരിച്ച് സ്കൂളുകളിൽ എത്തിച്ചു. ആദ്യ പ്രളയം ഏറ്റവും കൂടുതൽ നാശംവിതച്ച പമ്പ, തിരുവല്ല, പത്തനംതിട്ട മേഖലകളിലായിരുന്നു ഹാപ്പിനെസ് ബോക്സ് കൂടുതലെത്തിയത്.

### സഞ്ചിവിപ്ലവം...

പ്ലാസ്റ്റിക് നാടിനെ നശിപ്പിക്കുമെന്ന് കണ്ട് നാട്ടിലാകെ സഞ്ചിവിപ്ലവത്തിനും ക്ലബ്ബ് എഫ്.എം. മുന്നിൽനിന്നു. പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയപ്പോഴായിരുന്നു ബദൽ മാർഗമെന്ന നിലയിൽ സഞ്ചിവിപ്ലവം ആരംഭിച്ചത്. തുണിസഞ്ചി, പേപ്പർ സഞ്ചി എന്നിവയുടെ ഉപയോഗം വർധിപ്പിക്കുകയായിരുന്നു ലക്ഷ്യം. കൂടാതെ, സാരിയും ജീൻസും ഉൾപ്പെടെയുള്ള പഴയ വസ്ത്രങ്ങളും ഉപയോഗിച്ച് സഞ്ചികൾ നിർമിക്കാനും ഒട്ടേറെപ്പേർക്ക് പരിശീലനം നൽകി.

### റീ സൈക്കിൾ ഹീറോ...

ഉപയോഗശേഷം വലിച്ചെറിയുന്ന വസ്തുക്കളെ പുനരുപയോഗസാധനങ്ങളായി മാറ്റുന്നതായിരുന്നു റീ സൈക്കിൾ ഹീറോ. പ്ലാസ്റ്റിക് ബോട്ടിൽ ഉൾപ്പെടെയുള്ളവയെ കളിപ്പാട്ടങ്ങളും മറ്റുമായി പുനർനിർമിച്ചു. ഇവ നിർമിക്കുന്നതിനായി പരിശീലന സഹായങ്ങളും നൽകി. ഒട്ടേറെപ്പേർക്കാണ് ഈ പദ്ധതി പ്രയോജനം ചെയ്തത്.

### മാസ്ക് കാർ...

കൊറോണ മഹാമാരി ലോകമെങ്ങും പടർന്ന ദിനങ്ങൾ. സാമൂഹിക പ്രതിബദ്ധതയോടെ ക്ലബ്ബ് എഫ്.എമ്മും മുന്നിട്ടിറങ്ങി. കോവിഡ് മഹാമാരിക്കെതിരേ ബോധവത്കരണത്തിനായി 'മാസ്ക് കാർ' ഓടിച്ചുകൊണ്ടായിരുന്നു പ്രവർത്തനങ്ങൾ. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റയായിരുന്നു ഉദ്ഘാടകൻ. തലസ്ഥാനത്ത് ട്രിപ്പിൾ ലോക്ഡൗൺ പ്രഖ്യാപിക്കും മുൻപായി അഞ്ച് കാറുകളാണ് മാസ്ക് ധരിച്ച് ബോധവത്കരണത്തിനായി ഓടിച്ചത്.

### ടൺ കണക്കിന് ഫൺ, എല്ലാവർക്കും

പാട്ടുകൾക്കും ആഘോഷങ്ങൾക്കുമൊപ്പം മത്സരങ്ങളും സംഘടിപ്പിച്ചും ക്ലബ്ബ് എഫ്.എം. സജീവമായി. കുട്ടികളും യുവാക്കളും വീട്ടമ്മമാരും ഒരേപോലെ മത്സരങ്ങളിൽ പങ്കാളികളായി. മാതൃകാ പ്രവർത്തനങ്ങൾ നടത്തിയ കുട്ടികളെ കണ്ടെത്തി 'ഇംപാക്ട് അവാർഡ്' നൽകി. സഹപാഠികൾക്ക് വീടുവെച്ചുനൽകുക, സഹായം നൽകുക തുടങ്ങിയ കാര്യങ്ങൾ ചെയ്ത വിദ്യാർഥികളെയും അധ്യാപകരെയും കണ്ടെത്തിയും സ്കൂളുകളിൽ പൂന്തോട്ടങ്ങളും മറ്റും നിർമിച്ചവർക്കും കാരുണ്യം എത്തിച്ചവർക്കും ഇംപാക്ട് അവാർഡ് സമ്മാനിക്കാനും ക്ലബ്ബ് എഫ്.എമ്മിനായി.

ഗ്രാൻഡ് മാസ്റ്റർ ജി.എസ്.പ്രദീപിനെയും രാഹുൽ ഈശ്വറിനെയും പങ്കെടുപ്പിച്ച് മിടുക്കരായ വിദ്യാർഥികൾക്കായി 'ബ്രെയ്ൻ ബാറ്റിൽ' എന്ന പേരിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു. ക്യാഷ് അവാർഡും പ്രശസ്തിപത്രവും സമ്മാനിച്ചു. പത്തു വയസ്സ് വരെയുള്ള കുട്ടികൾക്കായി 'കുട്ടി ക്രിക്കറ്റ് ലീഗ്' സംഘടിപ്പിച്ചു. വെക്കേഷൻ കാലത്ത് കുട്ടികൾക്കായി 'സമ്മർ ഇൻ ക്ലബ്ബ് എഫ്.എം.' അവതരിപ്പിച്ചു. മിമിക്രി, മോണോ ആക്ട്, സംഗീതം, കഥാപ്രസംഗം തുടങ്ങി തങ്ങളുടെ കഴിവുകൾ മറ്റുള്ളവരുടെ മുന്നിൽ അവതരിപ്പിക്കുന്നതിനായി കുട്ടികൾക്കുള്ള അവസരമായിരുന്നു സമ്മർ ഇൻ ക്ലബ്ബ് എഫ്.എം. അമ്മമാർക്കായി 'മദർ ടു മദർ', മദേഴ്സ് ദിനത്തിൽ അമ്മമാർക്കായി മദേഴ്സ് ഡേ ഔട്ട് എന്നിവയും സംഘടിപ്പിച്ചു. ഓരോ ദിനത്തിലേയും പ്രത്യേകതകൾ അറിഞ്ഞ്, എല്ലാവരെയും ഉൾക്കൊള്ളിച്ച് *മുന്നോട്ട്...*

2021 ജനുവരി 22 വെള്ളി | ദീപിക | 05

# അർണോസ് പാതിരിയുടെ പ്രതിമ @ 25

# സർക്കാർ സ്ഥാപിച്ചില്ല; സമരം കുരിശിലേറി

**സ്വന്തം ലേഖകൻ**

**തൃശൂർ:** സർക്കാരിന്റെ പണം ഉപയോഗിച്ച് 25 വർഷം മുമ്പു നിർമിച്ച അർണോസ് പാതിരിയുടെ പ്രതിമ പൊതുസ്ഥലത്തു സ്ഥാപിക്കാനാകാതെ സർക്കാർ. മൂന്നു നൂറ്റാണ്ടു മുമ്പ് മലയാളം, സംസ്കൃതം ഭാഷകൾക്ക് അമൂല്യമായ സംഭാവനകൾ നൽകിയ അർണോസ് പാതിരിയുടെ പ്രതിമ സർക്കാരിന്റേതാണെങ്കിലും 25 വർഷമായി തിരുവനന്തപുരത്തെ ലയോള കോളജ് കാമ്പസിലാണുള്ളത്.


കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കെ 1995 മാർച്ച് 15 നു ചേർന്ന മന്ത്രിസഭാ യോഗമാണു പ്രതിമ നിർമിക്കാൻ രണ്ടു ലക്ഷം രൂപ അനുവദിച്ചത്. 23 നു സർക്കാർ ഇതു സംബന്ധിച്ച ഉത്തരവിറക്കുകയും ചെയ്തു. തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ ജംഗ്ഷനിൽ സ്ഥാപിക്കാനുള്ള വെങ്കല പ്രതിമയാണെന്നു സർക്കാർ പുറത്തിറക്കിയ ഓർഡറിൽ പറഞ്ഞിരുന്നു.

വെങ്കലം ഉപയോഗിച്ചു ഡൽഹിയിൽ നിർമിച്ച പൂർണകായ പ്രതിമ തിരുവനന്തപുരത്തെ ലയോള കോളജ് കാമ്പസിൽ എത്തിച്ചു. സർക്കാർ നിർദേശിച്ച സ്ഥലത്തു സ്ഥാപിക്കുന്നതുവരെ സൂക്ഷിക്കാനാണ് ലയോള കോളജിൽ പ്രതിമ എത്തിച്ചത്. എന്നാൽ പ്രതിമ നിർദിഷ്ട സ്ഥലത്തു സ്ഥാപിക്കാനുള്ള നടപടികൾ പിന്നീട് മാറിമാറി വന്ന സർക്കാരുകളൊന്നും സ്വീകരിച്ചില്ല. കോളജ് അധികാരികളാകട്ടെ, തറകെട്ടി പ്രതിമ കാമ്പസിൽ തന്നെ സ്ഥാപിക്കുകയും ചെയ്തു.

പലതവണ സർക്കാരിനു പരാതിയും നിവേദനവും നൽകിയെങ്കിലും ഫലമുണ്ടായില്ല. ഏറ്റവും ഒടുവിൽ 2018 ഏപ്രിൽ 28ന് അർണോസ് പാതിരി അക്കാദമി ഡയറക്ടർ നൽകിയ നിവേദനത്തിനു പ്രതികൂലമായ മറുപടിയാണ് ലഭിച്ചത്. ഈ മറുപടി ലഭിച്ചതിനുശേഷവും ചില സാഹിത്യ സാംസ്കാരിക നായകന്മാരുടെ പ്രതിമയും സ്മാരകങ്ങളും സർക്കാർ ചെലവിൽ നിർമിക്കുകയും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

"അതിനിടെ സർക്കാർ ഉത്തരവിൽ നിർദേശിച്ച സ്ഥാനത്തു പ്രതിമ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് അർണോസ് പാതിരി വസതിക്കുമുന്നിൽ കുരിശിൽ കിടന്നു സമരം നടത്തി. അർണോസ് പാതിരി സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കു ദശാബ്ദങ്ങളായി നേതൃത്വം നൽകുന്ന ജോൺ കള്ളിയത്ത് കുരിശിൽ കിടന്നു സമരം നടത്തിയത്.

തൃശൂർ വേലൂരിലെ അർണോസ് ഭവനത്തിനുമുന്നിൽ നടത്തിയ ധർണ കാലടി സർവകലാശാല റിട്ട. ഡീനും വാസ്തുവിഭാഗം തലവനുമായിരുന്ന ഡോ. പി.വി. ഔസേപ്പ് ഉദ്ഘാടനം ചെയ്തു. വേലൂർ ഫൊറോന വികാരി ഫാ. ഡേവിസ് ചെറയത്ത്, അർണോസ് അക്കാദമി ഡയറക്ടർ റവ. ഡോ. ജോർജ് തേനാടിക്കുളം എസ്ജെ, അധ്യ. സി.കെ. കുഞ്ഞിപ്പൊറിഞ്ചു, ജോൺസൺ ചുങ്കത്ത്, സജി പനയ്ക്കൽ, കെ.ജെ. ജസ്റ്റിൻ, എ.വി. ഫ്രാൻസീസ് എന്നിവർ പ്രസംഗിച്ചു.



തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ ജംഗ്ഷനിൽ സ്ഥാപിക്കാൻ നിർമിച്ച അർണോസ് പാതിരി പ്രതിമ തിരുവനന്തപുരം ലയോള കോളജ് കാമ്പസിൽ.



അർണോസ് പ്രതിമ തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ ജംഗ്ഷനിൽ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് അർണോസ് പാതിരി വസതിക്കുമുന്നിൽ ജോൺ കള്ളിയത്ത് കുരിശിൽ കിടന്നു സമരം നടത്തുന്നു. ഉദ്ഘാടനം ചെയ്ത ഡോ. പി.വി. ഔസേപ്പ്, ഫാ. ഡേവിസ് ചെറയത്ത്, റവ.ഡോ. ജോർജ് തേനാടിക്കുളം എസ്ജെ തുടങ്ങിയവർ സമീപം.

16

മലയാള മനോരമ 2021 ജനുവരി 21 വ്യാഴം

## ഡോക്ടറേറ്റ് ലഭിച്ചു



കേരള സർവ്വകലാശാലയിൽനിന്ന് മാനേജ്മെന്റ് സ്റ്റഡീസിൽ ഡോക്ടറേറ്റ് നേടിയ **എലിസബത്ത് ജേക്കബ്**, പള്ളിയിൽ വീട്ടിൽ റവ. ജോൺസൻ പി. എബ്രഹാം അച്ചന്റെ സഹധർമ്മിണിയും ആയൂർ മാവിലഴികത്തു ജേക്കബ് ബംഗ്ലാവിൽ പരേതനായ എം.കെ. ജേക്കബിന്റെയും മറിയാമ്മ ജേക്കബിന്റെയും മകളുമാണ്.

17

മാതൃഭൂമി 2021 ഏപ്രിൽ 17 • ശനിയാഴ്ച



കേരള സർവ്വകലാശാലയിൽ നിന്ന് സോഷ്യൽ വർക്കിൽ പിഎച്ച്ഡി. ലഭിച്ച സംഗീത നായർ എ. കിർടാഡ്സ് റിട്ട. ഡയറക്ടർ ഡോ. പികെ. സുകുമാരൻ നായരുടെയും സാമൂഹികക്ഷേമ വകുപ്പ് റിട്ട. അഡീഷണൽ ഡയറക്ടർ കാമാക്ഷി ആലപ്പാട്ടിന്റെയും മകളാണ്. ഇന്ത്യൻ വ്യോമസേനയിലെ ഗ്രൂപ്പ് ക്യാപ്റ്റൻ ഇ.പി.ശ്യാമാണ് ഭർത്താവ്

18



# ഫാ. ടി. ബാബു പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ



**തിരുവനന്തപുരം:** പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പലായി ഫാ. ടി. ബാബുവിനെ മലങ്കരകത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ നിയമിച്ചു. 2002-ൽ കറ്റാനം പോപ് പയസ് ഹയർ സെക്കൻഡറി സ്കൂളിൽ സോഷ്യോളജി അധ്യാപകനായിട്ടാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. മൈലപ്ര സേക്രട്ട് ഹാർട്ട്, കൊട്ടാരക്കര സെന്റ് മേരീസ് എന്നീ ഹയർ സെക്കൻഡറി സ്കൂളുകളിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സോഷ്യോളജി, പൊളിറ്റിക്സ്, എംഎസ്ഡബ്ല്യു, ബിസിനസ് അഡ്മിനിസ്ട്രേഷൻ എന്നിവയിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുണ്ട്.

19

THIRUVANANTHAPURAM THE HINDU
FRIDAY, JUNE 25, 2021

# Technology key to accreditation: Gurukkal

## He stresses role of digital learning

STAFF REPORTER
THIRUVANANTHAPURAM

Kerala State Higher Education Council vice chairman Rajan Gurukkal has stressed the need to imbibe technology in every facet of functioning of higher education institutions.

This had become a vital cog in accreditation process of colleges, he said while inaugurating an online symposium on the National Assessment and Accreditation Council-accreditation process organised by the Loyola College of Social Sciences here on Thursday.

Besides emphasising the role of technology-enhanced digital learning in the context of accreditation, Mr. Gurukkal said the accreditation process would hinge on the extent of networking within the campus as well as the use of customised, open-source learning management systems such as MOODLE. Higher education institutions should strive to transform themselves as entrepreneurial institutions with automated systems for recording student-teacher activities.

**'Be innovative'**

The academician urged teachers to be mavericks who adopted an innovative and creative attitude towards technological advancements in pedagogy, even while striving to preserve quality.

The programme felicitated Rajagiri College of Social Sciences, St. Teresa's College (both autonomous), Nirmala College and St. Thomas College - all of which got the A++ NAAC grading in their fourth cycle of re-accreditation.

20

മലയാള മനോരമ 2021 ജൂൺ 26 ശനി

# ലയോളയിൽ സിംപോസിയം

തിരുവനന്തപുരം● ശ്രീകാര്യം ലയോള കോളജും ഉന്നത വിദ്യാഭ്യാസ കൗൺസിലും ചേർന്നു നടത്തിയ ഓൺലൈൻ സിംപോസിയം ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രഫ. രാജൻ ഗുരുക്കൾ ഉദ്ഘാടനംചെയ്തു. റെക്ടർ ഫാ.സണ്ണി കുന്നപള്ളിൽ , ലയോള കോളജ് പ്രിൻസിപ്പൽ ഡോ.സജി പി ജേക്കബ്, വൈസ് പ്രിൻസിപ്പൽ ഫാ.സാബു പി. തോമസ് എന്നിവർ പ്രസംഗിച്ചു.


City Thiruvananthapuram Express | TUESDAY 29.06.2021 | 4

# 'Snehanidhi' to provide gadgets for tribal students


STENI SIMON

PRAVEENA (name changed), a Class X student who belongs to the Malapandaram tribe, lives with her family in a shanty made of tarpaulin sheets near the forest in Pathanamthitta. There are just about 250 families remaining in this nomadic tribal group, all living in poverty, devoid of basic necessities. Praveena is probably one of the first in many generations to go to school. However, with no access to a mobile phone and the internet, she has lost all hope of continuing her education.

To help students from the tribal settlements get access to online learning, Childline Thiruvananthapuram, in association with Loyola College of Social Sciences, Sreekariyam, has come up with 'Snehanidhi'. Gadgets like tablets and power banks for six children of the Malapandaram tribal group were handed over to the Tribal Development Department officers in Pathanamthitta.



Fr Renjith, director LES and Childline, Fr Sunny K Thomas, manager and rector of Loyola Institutions and Saji P Jacob, principal Loyola College hand over digital devices to the Tribal Development Department officers at Pathanamthitta






"There are more than 50,000 tribal students in the state. Their learning has been interrupted since classes went online. To reduce this digital divide, we thought of providing the necessary equipment to these children," said Jobi Kondoor, district coordinator of Childline Thiruvananthapuram. "Initially, the plan was to implement the project only in Thiruvananthapuram district. However, due to requests from other districts, we have extended the operations," he added.

The fund for the project was contributed by Loyola College. In the second phase, mobile phones will be distributed to tribal students in the Thiruvananthapuram district identified by the ST promoters of the tribal department and Childline officials.

"We will distribute 13 mobile phones to students from tribal settlements in Kuttichal panchayat in Thiruvananthapuram. The project will not just focus on tribal areas. Children in coastal and hilly areas in the state where internet connectivity is a major problem will also get help," said the Childline official.

*Contribute to the project. Contact: Jobi Kondoor, district coordinator, Childline Thiruvananthapuram. Ph: 9497594630.*

൨൨

2021 August 4 Wednesday

MALAYALA MANORAMA
Registered No. KL/TV(N)/93/2015-2017



മാനേജ്മെന്റ് സ്റ്റഡീസിൽ പിഎച്ച്ഡി (കേരള) നേടിയ തിരുവനന്തപുരം ലയോള കോളജിലെ അസി. പ്രഫസർ എബി ടെല്ലസ്. വടക്കൻ പറവൂർ കല്ലൂർ വീട്ടിൽ പരേതനായ അവിര ടെല്ലസിന്റെയും മേരിക്കുട്ടിയുടെയും മകൻ. ഭാര്യ: നവ്യ ടെന്നിസൺ (ചൈൽഡ് ലൈൻ കൗൺസിലർ).

12 | 03 ആഗസ്റ്റ് 2021 ചൊവ്വ | തിരുവനന്തപുരം




കേരള സർവകലാശാലയിൽ നിന്ന് മാനേജ്മെന്റ് സ്റ്റഡീസിൽ ഡോക്ടറേറ്റ് നേടിയ തിരുവനന്തപുരം ലയോള കോളജിലെ അസി. പ്രൊഫസർ എബി ടെല്ലസ്. വടക്കൻ പറവൂർ കല്ലൂർ വീട്ടിൽ പരേതനായ അവിര ടെല്ലസിന്റെയും മേരിക്കുട്ടിയുടെയും മകനാണ്. ഭാര്യ: നവ്യ ടെന്നിസൺ (ചൈൽഡ് ലൈൻ കൗൺസിലർ). മക്കൾ: നികിറ്റ, ടോം.

23

22 നവംബർ
2021
തിങ്കളാഴ്ച
1197 വൃശ്ചികം 07

mathrubhumi.com
/mathrubhumidotcom
/mathrubhumi

VINEETHA · 2004-2006



ദത്തുവിവാദവുമായി ബന്ധപ്പെട്ട് കുഞ്ഞിനെ ഞായറാഴ്ച രാത്രി തിരുവനന്തപുരം വിമാനത്താവളത്തിൽ കൊണ്ടുവന്നപ്പോൾ | ഫോട്ടോ: ബിജു വർഗീസ്